**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 414** **20-07-2022 - ൽ മറുപടിയ്ക്ക്**

**പൊതുവിദ്യാഭ്യാസ നിലവാരം ഉയർത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ .പി. കെ. ബഷീർ ,<br>ഡോ. എം.കെ . മുനീർ ,<br>ശ്രീ എൻ എ നെല്ലിക്കുന്ന് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ദേശീയ തലത്തിൽ താരതമ്യം ചെയ്യുമ്പോൾ പൊതു വിദ്യാഭ്യാസ രംഗത്ത് നിലവാരം പുലർത്താൻ കഴിയുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിശോധിച്ചിട്ടുണ്ടോ; | (എ) | ഇത്തരം ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ദേശീയതലത്തിൽ താരതമ്യം ചെയ്യുമ്പോൾ വിദ്യാഭ്യാസ രംഗത്ത് കേരളം ഉയർന്ന നിലവാരം പുലർത്തുന്നുണ്ട്. ഇക്കാര്യം മുൻവർഷങ്ങളിൽ നടത്തിയ നീതി ആയോഗ്, പെർഫോമൻസ് ഗ്രേഡിംഗ് ഇൻഡക്സ്(PGI), സ്കൂൾ എഡ്യൂക്കേഷൻ ക്വാളിറ്റി ഇൻഡക്സ് (SEQI) എന്നീ പഠനങ്ങളിൽ വ്യക്തമാണ്. |
| (ബി) | സ്കൂളുകളിലെ സ്ഥിര അദ്ധ്യാപകരുടെ കുറവ് നിലവാരത്തകർച്ചയ്ക്ക് കാരണമായിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ; | (ബി) | സ്ഥിരം അധ്യാപകരുടെ കുറവ് നിലവാര തകർച്ചയ്ക്ക് കാരണംമാകുന്നതായ ആക്ഷേപമൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മതിയായ യോഗ്യതയുള്ള അധ്യാപകരെയാണ് സ്ഥിരം അധ്യാപകരുടെ അഭാവത്തിൽ താല്ക്കാലികമായി നിയമിച്ച വരുന്നത്. അതിനാൽ തന്നെ നിലവാരത്തകർച്ച ഉണ്ടെന്ന ആരോപണത്തിന് അടിസ്ഥാനമില്ല. |
| (സി) | പൊതു വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ? | (സി) | പൊതുവിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് ചുവടെപ്പറയുന്ന പരിപാടികൾ നടത്തിവരുന്നു. അവ ഭാവിയിലും ആവശ്യമായ മാറ്റങ്ങളോടെ തുടരുന്നതാണ്.<br><br>1) സ്കൂൾ പാഠ്യപദ്ധതി പരിഷ്കരണം : - അറിവ് നിർമ്മാണത്തിന് ഊന്നൽ നൽകുന്നതും നൂതന ആശയങ്ങൾ ഉയർത്താൻ കുട്ടികളെ സഹായിക്കുന്നതുമായ രീതിയിൽ പാഠ്യപദ്ധതി പരിഷ്കരണം നടപ്പിലാക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട് .<br><br>2) സാങ്കേതിക നൈപുണി വികാസ പരിപാടികൾ:- വിദ്യാർത്ഥികളുടെ സാങ്കേതിക പരമായ കഴിവുകൾ മെച്ചപ്പെടുത്താനുള്ള നൂതന പരിപാടികൾ |

| | | | | |
|---|---|---|---|---|
| | | | | 3) നൂതന ആശയങ്ങൾ മുന്നോട്ടുവയ്ക്കാൻ കുട്ടികളെ സഹായിക്കുന്ന പഠന പോഷണ പരിപാടികൾ<br><br>4) ക്വാളിറ്റി - എൽ.ഇ.പി (പഠനപോഷണ പരിപാടികൾ)<br><br>5) ക്വാളിറ്റി- രാഷ്ട്രീയ ആവിഷ്ക്കാർ അഭിയാൻ പ്രോഗ്രാമുകൾ<br><br>6) ക്വാളിറ്റി - ഇന്നവേഷൻ പ്രോഗ്രാമുകൾ<br><br>7) ഫൗണ്ടേഷൻ ലിറ്ററസി & ന്യൂമറസി<br><br>8) സ്കൂൾ ലൈബ്രറി/ക്ലാസ് ലൈബ്രറി ശാക്തീകരണം<br><br>9) പ്രീ സ്കൂൾ പ്രവർത്തനങ്ങൾ<br><br>10) മെച്ചപ്പെട്ട രീതിയിലുള്ള അധ്യാപക പരിശീലനം, രക്ഷാകർതൃപരിശീലനം<br><br>11) വൊക്കേഷണലൈസേഷൻ ഓഫ് എഡ്യൂക്കേഷൻ<br><br>12) ഇൻക്ലൂസീവ്  എജ്യൂക്കേഷൻ<br><br>13) അക്കാദമിക ഇടപെടലുകൾ<br><br>14) പൊതുവിദ്യാലയങ്ങളിലെ ഹൈടെക് സ്കൂൾ പദ്ധതി .<br><br>15. കുട്ടികളെ സമഗ്രമായ വിലയിരുത്തി രേഖപ്പെടുത്തുന്നതിന് സഹിതം പോർട്ടലിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചു. നിശ്ചിത എണ്ണം കുട്ടികളെ ഒരു അധ്യാപകൻ മെന്ററായി നിന്നുകൊണ്ട് അക്കാദമികവും ഇതരവുമായ പിന്തുണ നിരന്തരമായി നിൽകുകയാണ് ഈ പരിപാടിയിലൂടെ നടപ്പാക്കുന്നത്.<br><br>16. വിദ്യാഭ്യാസ വകുപ്പിലെ വിവിധ ഏജൻസികളുടെ ഏകോപനം ഉറപ്പാക്കിക്കൊണ്ട് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പ്രവർത്തനങ്ങളെ നവ കേരള മിഷൻ- വിദ്യാകിരണം എന്ന പേരിൽ നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ